**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 367** **29-10-2021 - ൽ മറുപടിയ്ക്ക്**

**വനം വകുപ്പിന്റെ അധീനതയിലുള്ള പ്രദേശങ്ങളിലെ വിനോദ സഞ്ചാര കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. എം.വിജിൻ,<br>ശ്രീ ഒ . ആർ. കേളു | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വനം വകുപ്പിന്റെ അധീനതയിലുള്ള ഏതെല്ലാം പ്രദേശങ്ങളിലാണ് വിനോദ സഞ്ചാര കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതെന്നും ആയത് വനം വകുപ്പിന്റെ മാത്രം നിയന്ത്രണത്തിലുള്ളതാണോ എന്നും വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് വനം വകുപ്പിന്റെ അധീനതയിൽ 29 ഡിവിഷനുകളിലായി 56 ഇക്കോ ടൂറിസം കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ആയതിന്റെ പട്ടിക അനുബന്ധമായി ചേർക്കുന്നു. പ്രസ്തുത ഇക്കോ ടൂറിസം സെന്ററുകൾ എല്ലാം തന്നെ വനം വകുപ്പിന്റെയും വനം വകുപ്പിന്റെ കീഴിലുള്ള വന വികസന ഏജൻസികളുടെയും (FDA) നിയന്ത്രണത്തിലാണ് പ്രവർത്തിക്കുന്നത്. കൂടാതെ വനം വകുപ്പ് പാട്ടത്തിന് നൽകിയ ഗവി, അരിപ്പ, നെല്ലിയാമ്പതി, കല്ലാർ, മൂന്നാർ, മീശപ്പുലിമല, വാഗമൺ എന്നിവിടങ്ങളിൽ കേരള വനം വികസന കോർപ്പറേഷനും തേക്കടിയിൽ കേരള ടൂറിസം ഡെവലപ്പ്മെൻറ് കോർപ്പറേഷനും ഇക്കോ ടൂറിസം പരിപാടികൾ നടത്തുന്നുണ്ട്. ആയത് നിലവിലുള്ള വനനിയമങ്ങൾക്കും കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം അംഗീകരിച്ച വർക്കിംഗ് പ്ലാൻ/ ടൈഗർ കൺസർവേഷൻ പ്ലാൻ/ മാനേജ്മെൻറ് പ്ലാൻ എന്നിവയ്ക്ക് വിധേയമായിട്ടുമാണ് പ്രവർത്തിച്ചു വരുന്നത്. |
| (ബി) | മനോഹരവും പരിസ്ഥിതി സൗഹൃദവുമായ ഇക്കോ-ടൂറിസം കേന്ദ്രങ്ങളുടെ വികസനത്തിനായി വനം വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് അറിയിക്കാമോ; | (ബി) | മനോഹരവും പരിസ്ഥിതി സൗഹൃദവുമായ ഇക്കോ-ടൂറിസം കേന്ദ്രങ്ങളുടെ പരിപാലനവും വികസനവും നിലവിലുള്ള വനനിയമങ്ങൾക്കും, അംഗീകൃത വർക്കിംഗ് പ്ലാൻ/ മാനേജ്മെൻറ് പ്ലാൻ/ ടൈഗർ കൺസർവേഷൻ പ്ലാൻ എന്നിവയ്ക്ക് അനുസൃതമായി പ്രകൃതിക്ക് അനുയോജ്യമാം വിധമാണ് നടപ്പിലാക്കി വരുന്നത്. സന്ദർശകരുടെ സൗകര്യാർത്ഥം ഓൺലൈനായും അല്ലാതെയും ടിക്കറ്റ് ബുക്കിംഗിനുള്ള സൗകര്യം, ഇക്കോ ഷോപ്പുകൾ, ശുചിമുറികൾ, ക്യാമ്പിങ്ങ് സൗകര്യങ്ങൾ, ട്രക്ക് പാത്തുകൾ, കഫറ്റീരിയ, കുടിവെള്ള സൗകര്യം, ഇൻഫർമേഷൻ ബോർഡുകൾ, ട്രക്കിംഗ്, |

| | | | |
|---|---|---|---|
| | | | പരിസ്ഥിതി ബോധവൽക്കരണ ക്ലാസ്സുകൾ, വാച്ച് ടവറുകൾ, താല്ക്കാലിക ഇരിപ്പിടങ്ങൾ, സഞ്ചാരികളുടെ സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിലേക്കുള്ള ഹാൻറ് റെയിലുകൾ മുതലായവ പരിസ്ഥിതി സൗഹാർദ്ദപരമായ രീതിയിൽ ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ നടപ്പിലാക്കി വരുന്നുണ്ട്. |
| (സി) | വനം വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതും വിനോദസഞ്ചാര സാധ്യതകൾ ഉള്ളതുമായ സ്ഥലത്ത് പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന് ടൂറിസം വകുപ്പിനോ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിനോ സർക്കാർ അംഗീകൃത ഏജൻസികൾക്കോ അനുമതി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (സി) | വനം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള വിനോദസഞ്ചാര സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ അതാത് ഡിവിഷനുകളുടെ വർക്കിംഗ് പ്ലാൻ/ മാനേജ്മെൻറ് പ്ലാൻ/ ടൈഗർ കൺസർവേഷൻ പ്ലാൻ എന്നിവയ്ക്കും 1980-ലെ ഫോറസ്റ്റ് കൺസർവേഷൻ ആക്റ്റിനും, മറ്റു വനനിയമങ്ങൾക്കും വിധേയമായി കേന്ദ്ര സർക്കാരിന്റെ അനുമതിയോടു കൂടി മാത്രമാണ് ഇക്കോ ടൂറിസം പദ്ധതികൾ നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## വനം വകുപ്പ് നടപ്പാക്കുന്ന ഇക്കോ ടൂറിസം പദ്ധതികളുടെ ലിസ്റ്റ്

| നമ്പർ | ജില്ല | ഡിവിഷൻ | ഇക്കോ ടൂറിസം കേന്ദ്രത്തിന്റെ പേര് |
|---|---|---|---|
| 1 | പത്തനംതിട്ട | റാന്നി | ആങ്ങമൂഴി |
| 2 | പത്തനംതിട്ട | കോന്നി | കോന്നി ആനത്താവളം |
| 3 | പത്തനംതിട്ട | കോന്നി | അടവി |
| 4 | പത്തനംതിട്ട | കോന്നി | കാട്ടാത്തി |
| 5 | പത്തനംതിട്ട | കോന്നി | കല്ലേലി - കടമ്പുപാറ |
| 6 | കൊല്ലം | തെന്മല | പാലരുവി |
| 7 | കൊല്ലം | അച്ചൻകോവിൽ | മണലാർ-കുംഭാവുരുട്ടി |
| 8 | കൊല്ലം | ശെന്തുരുണി | ശെന്തുരുണി |
| 9 | തിരുവനന്തപുരം | തിരുവനന്തപുരം വൈൽഡ് ലൈഫ് | നെയ്യാർ |
| 10 | തിരുവനന്തപുരം | തിരുവനന്തപുരം വൈൽഡ് ലൈഫ് | പേപ്പാറ |
| 11 | തിരുവനന്തപുരം | തിരുവനന്തപുരം വൈൽഡ് ലൈഫ് | കോട്ടൂർ |
| 12 | തിരുവനന്തപുരം | തിരുവനന്തപുരം | പൊന്മുടി |
| 13 | തിരുവനന്തപുരം | തിരുവനന്തപുരം | കല്ലാർ |
| 14 | തിരുവനന്തപുരം | തിരുവനന്തപുരം | മങ്കയം |
| 15 | കോട്ടയം | കോട്ടയം | ചെല്ലാർ കോവിൽ |
| 16 | കോട്ടയം | കോട്ടയം | കാൽവരി മൗണ്ട് |
| 17 | ഇടുക്കി | കോതമംഗലം | തൊമ്മൻകുത്ത് |
| 18 | ഇടുക്കി | കോതമംഗലം | മീനുഴിഞ്ഞൻപാറ |
| 19 | ഇടുക്കി | മാങ്കുളം | വിരിപ്പാറ |
| 20 | ഇടുക്കി | മറയൂർ | മറയൂർ ആനക്കോട്ടപ്പാറ |
| 21 | ഇടുക്കി | മറയൂർ | രാജീവ് ഗാന്ധി നേച്ചർ പാർക്ക് |
| 22 | ഇടുക്കി | പെരിയാർ ടൈഗർ റിസർവ് (ഈസ്റ്റ്) | പെരിയാർ ടൈഗർ റിസർവ് |
| 23 | ഇടുക്കി | മൂന്നാർ വൈൽഡ് ലൈഫ് | ഇരവികുളം നാഷണൽ പാർക്ക് |
| 24 | ഇടുക്കി | മൂന്നാർ വൈൽഡ് ലൈഫ് | ഷോല നാഷണൽ പാർക്ക് |

| | | | |
|---|---|---|---|
| 25 | | | ചിന്നാർ സാങ്ച്വറി |
| 26 | തൃശ്ശൂർ | വാഴച്ചാൽ | അതിരപ്പള്ളി |
| 27 | | പീച്ചി | ചിമ്മിനി |
| 28 | എറണാകുളം | മലയാറ്റൂർ | മുളങ്കുഴി |
| 29 | | | പാണിയേലിപോര് |
| 30 | | | കോടനാട് ആനത്താവളം/ അഭയാരണ്യം |
| 31 | പാലക്കാട് | പാലക്കാട് | ധോണി |
| 32 | | | മീൻവല്ലം |
| 33 | | | അനങ്ങൻമല |
| 34 | | നെന്മാറ | മിന്നാമ്പാറ |
| 35 | | സൈലന്റ് വാലി | സൈലന്റ് വാലി |
| 36 | | പറമ്പിക്കുളം കടുവാ സങ്കേതം | പറമ്പിക്കുളം കടുവാ സങ്കേതം |
| 37 | മലപ്പുറം | നിലമ്പൂർ സൗത്ത് | നെടുങ്കയം |
| 38 | | നിലമ്പൂർ നോർത്ത് | കനോലി-ചാലിയാർ |
| 39 | | | കോഴിപ്പാറ |
| 40 | കണ്ണൂർ | കണ്ണൂർ | പൈതൽമല |
| 41 | | | കാഞ്ഞിരംകൊല്ലി |
| 42 | | ആറളം | ആറളം വന്യജീവി സങ്കേതം |
| 43 | കോഴിക്കോട് | കോഴിക്കോട് | കാക്കവയൽ |
| 44 | | | തുഷാരഗിരി |
| 45 | | | കക്കയം |
| 46 | | | പെരുവണ്ണാമൂഴി |
| 47 | | | ജാനകിക്കാട് |
| 48 | വയനാട് | സൗത്ത് വയനാട് | പാക്കം-കുറുവ |
| 49 | | | ബാണാസുരമല-മീൻമുട്ടി |
| 50 | | | സൂചിപ്പാറ |
| 51 | | | ചെമ്പ്ര പീക്ക് |

| | | | |
|---|---|---|---|
| 52 | | നോർത്ത് വയനാട് | തിരുനെല്ലി–പക്ഷിപാതാളം |
| 53 | | | മുനീശ്വരൻകുന്ന് |
| 54 | | വയനാട് വൈൽഡ് ലൈഫ് | തോൽപ്പെട്ടി |
| 55 | | | മുത്തങ്ങ |
| 56 | കാസർഗോഡ് | കാസർഗോഡ് | റാണിപുരം |